# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ *213

06.02.2018-ൽ മറുപടിയ്ക്ക്.

## ക്ഷീരകർഷകരുടെ ക്ഷേമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.വിൻസെൻറ്<br>ശ്രീ.കെ.സി.ജോസഫ്<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. വി.എസ്. ശിവകുമാർ | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) ക്ഷീരകർഷകരുടെ ക്ഷേമത്തിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;വിശദമാക്കുമോ; | (എ) 1) ക്ഷീരസഹകരണ സംഘങ്ങളിൽ നിന്നും കർഷകർക്ക് ലഭിച്ചിരുന്ന വില ശാസ്ത്രീയമായി പരിഷ്കരിച്ചു.<br>2) സംഘത്തിൽ അളക്കുന്ന പാലിന് ലിറ്ററിന് 1/- രൂപ പ്രകാരം കാലിത്തീറ്റ ധനസഹായം അനുവദിച്ചു.<br>3)ക്ഷീരവികസന വകുപ്പിൽ നിന്ന് അനുവദിക്കുന്ന കാലിത്തീറ്റ സബ്സിഡി ഉൾപ്പെടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ നിന്നും ആകെ ലിറ്ററിന് 4/-രൂപ വരെ കർഷകർക്ക് ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു.<br>4)പുതിയ സംരംഭകരേയും ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിന് നിലവിലുള്ളവ ശാക്തീകരിക്കുന്നതിനുമായി മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി, ഡെയറി സോൺ, ക്ഷീരഗ്രാമം പദ്ധതി എന്നീ പദ്ധതികൾ നടപ്പിലാക്കി.<br>5)കറവക്കാരുടെ ദൗർലഭ്യം പരിഹരിക്കുന്നതിനും മറ്റ് ജോലികൾ ലഘൂകരിക്കുന്നതിനുമാവശ്യമായ യന്ത്രവൽക്കരണം, കറവയന്ത്രം മുതലായവയ്ക്കായി ആവശ്യാധിഷ്ഠിത ധനസഹായ പദ്ധതി നടപ്പിലാക്കി.<br>6)തീറ്റപ്പുല്ലിന്റെ ലഭ്യത വർദ്ധിപ്പിക്കുന്നതിനായി കൂടുതൽ പ്രദേശങ്ങളിൽ തീറ്റപ്പുൽകൃഷി വ്യാപിപ്പിച്ചു. കൂടാതെ തരിശ് നിലങ്ങളിൽ തീറ്റപ്പുൽകൃഷി |

നടത്തുന്നതിനായി പ്രത്യേക പദ്ധതിയും നടപ്പിലാക്കി.
7) വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ പരിഷ്കരിച്ച നടപ്പിലാക്കി.
8) വിപണന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ക്ഷീരസഹകരണ സംഘ ങ്ങൾക്ക് കൂടുതൽ ധനസഹായം അനുവദിക്കുകയും കമ്പ്യൂട്ടർ വൽകരണം നടപ്പിലാക്കു കയും ചെയ്തു.
9) ജപ്തി നടപടികൾ നേരിടുന്ന ക്ഷീരകർഷകരുടെ വായ്പാകുടിശിക എഴുതി തള്ളി.
10) വരൾച്ച നേരിടുന്നതിനായി അടിയന്തിര സഹായം അനുവദിച്ചു. മേൽ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കിയതിലൂടെയാണ് പ്രതികൂല സാഹചര്യത്തിലും ക്ഷീരോല്പാദക മേഖലയിൽ വൻ പുരോഗതി കൈവരിക്കുവാൻ കഴിഞ്ഞത്.

പെൻഷന് അർഹത നേടിയ ക്ഷീരകർഷക ക്ഷേമനിധി അംഗങ്ങൾക്ക് നൽകി വരുന്ന പെൻഷൻ തുക 500/- രൂപയിൽ നിന്നും ജനുവരി 2017 മുതൽ 1000/- രൂപയായും ഏപ്രിൽ 2017 മുതൽ 1,100/- രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് സമഗ്ര ലൈവ്സ്റ്റോക്ക് ഇൻഷ്വറൻസ് സ്കീം നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) സംസ്ഥാനത്ത് ക്ഷീരകർഷകർക്കും കുടുംബത്തിനും അവരുടെ കറവമാടുകൾക്കും വേണ്ടി ഒരു സമഗ്ര ഇൻഷ്വറൻസ് പദ്ധതി ക്ഷീരവികസന വകുപ്പിന്റെ നേതൃത്വത്തിൽ കേരളാ ക്ഷീരകർഷക ക്ഷേമനിധിബോർഡ്, കേരള കോ-ഓപ്പറേറ്റീവ് മിൽക്ക്മാർക്കറ്റിംഗ് ഫെഡറേഷൻ, മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയനുകൾ എന്നിവരുടെ സംയുക്ത സംരംഭമായി ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും പദ്ധതിയുടെ കരട് തയ്യാറാക്കി സംസ്ഥാന തലത്തിൽ നിർവ്വഹണ സമിതി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ച വരികയും ചെയ്യുന്നു.

കന്നുകാലികളുടെ മരണവും ഉൽപാദനശേഷി നഷ്ടപ്പെടുന്നതു കാരണവുമുണ്ടാകുന്ന നഷ്ടം പരിഹരിച്ച് ക്ഷീര കർഷകരെ ഈ മേഖലയിൽത്തന്നെ നിലനിർത്തുന്നതിന് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹകരണത്തോടെ നടപ്പിലാക്കി ക്കൊണ്ടിരിക്കുന്ന ഇൻഷുറൻസ് പദ്ധതിയായ

നാഷണൽ ലൈവ്സ്റ്റോക്ക് മിഷൻ (NLM)2016-17, സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച ഗോസമൃദ്ധി 2017-2018 എന്നീ ഇൻഷ്വറൻസ് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

(സി) ഏതൊക്കെ ഗ്രാമപഞ്ചായത്തുകളിലാണ് നിലവിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്; പ്രസ്തുത പദ്ധതി കൂടുതൽ ഗ്രാമപഞ്ചായത്തുകളിലേയ്ക്ക് വ്യാപിപ്പിക്കുമോ;

(സി) **<u>ക്ഷീരഗ്രാമങ്ങൾ</u>**

2017-18 വർഷം ക്ഷീരഗ്രാമം പദ്ധതി തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ്, കൊല്ലം ജില്ലയിലെ ഇടമുളയ്ക്കൽ, ആലപ്പുഴ ജില്ലയിലെ മണ്ണാഞ്ചേരി, തൃശ്ശൂർ ജില്ലയിലെ ചാഴൂർ, പാലക്കാട് ജില്ലയിലെ പറളി എന്നീ 5 ഗ്രാമപഞ്ചായത്തുകളിലാണ് നടപ്പിലാക്കി വരുന്നത്.

2018-19 വർഷത്തിൽ കൂടുതൽ പഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

(ഡി) ക്ഷീരോല്പാദന മേഖലയിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിന് പുതുതായി എന്തെങ്കിലും പദ്ധതി കൊണ്ടുവരാൻ ഉദ്ദേശമുണ്ടോയെന്നറിയിക്കുമോ?

(ഡി) ക്ഷീരോല്പാദന മേഖലയിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിന് പുതിയതായി രണ്ട് പദ്ധതികൾ വരും വർഷങ്ങളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

**1.കന്നുകുട്ടികളെ ദത്തെടുക്കൽ പദ്ധതി**

കന്നുകുട്ടികളുടെ ജനനം മുതൽ 4 മാസം വരെ അവയ്ക്ക് വേണ്ടുന്ന തീറ്റ, ധാതുലവണ മിശ്രിതം, വൈറ്റമിൻ സപ്ലിമെന്റ്, വിര മരുന്ന് എന്നിവ സൗജന്യ നിരക്കിൽ വിതരണം ചെയ്ത്, ദത്തെടുക്കുന്ന കന്നുകുട്ടികളെ വളർത്തി നല്ല കിടാക്കളാക്കി മാറ്റുക എന്നതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. കന്നുകുട്ടികളുടെ സംരക്ഷണ ചെലവ് താങ്ങാനാവാതെ കർഷകർ അവയെ വിറ്റൊഴിവാക്കുന്നത് തടയാനും ഈ പദ്ധതി മൂലം സാധിക്കും.

**2)ഹീഫർ പാർക്കുകൾ**

ഒരു വയസ്സിനു മുകളിലുള്ള കിടാരികളെ വളർത്തി കറവ പശുക്കളാക്കി വിൽക്കുന്ന തിനായി ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ പദ്ധതി. 100 കിടാരികളെ വരെ വളർത്തുന്ന യൂണിറ്റു കളാണ് ലക്ഷ്യമിടുന്നത്. സംസ്ഥാനത്തിനകത്ത് ഉല്പാദനശേഷിയുള്ള നല്ല കറവ പശുക്കളെ ഉല്പാദിപ്പിച്ചെടുക്കുക എന്നതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫീസർ.